ഉത്തരം

(എ) പീച്ചിയിലെ കേരള വനഗവേഷണ കേന്ദ്രം നടത്തുന്ന ജോലികളെ സംബന്ധിച്ച വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

(ബി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

(സി) 146 പേർ.

(ഡി) 578.95 ലക്ഷം രൂപ.

വനം കൊള്ളയുമായി ബന്ധപ്പെട്ട കേസുകൾ

107 [2977] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ വനംകൊള്ളയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകളിൽ അന്തിമ അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ്, വാച്ചർ എന്നിങ്ങനെ താഴെ തട്ടിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അവരുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ നടക്കുന്ന വനംകൊള്ളകളിൻമേൽ ഉണ്ടായ നഷ്ടം അശാസ്ത്രീയമായ രീതിയിൽ ശമ്പളത്തിൽ നിന്നും തിരിച്ചുപിടിക്കുന്ന നടപടി പുനരാലോചനയ്ക്ക് വിധേയമാക്കുമോ; ഇങ്ങനെ തിരിച്ചു പിടിക്കൽ നടത്തുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ്, വാച്ചർ, തുടങ്ങിയ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് കാർട്ടേഴ്സും, ആയുധങ്ങളും ശാസ്ത്രീയ പരിശീലനവും നൽകി അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) മൊത്തം 7675 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	..	30
കൊല്ലം	..	402
പത്തനംതിട്ട	..	438
കോട്ടയം	..	286
ഇടുക്കി	..	2960

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	..	378
തൃശ്ശൂർ	..	504
പാലക്കാട്	..	635
മലപ്പുറം	..	680
കോഴിക്കോട്	..	238
വയനാട്	..	899
കണ്ണൂർ	..	129
കാസർഗോഡ്	..	96

(ബി) 2730 കേസുകൾ

(സി) വനം കൊള്ളമൂലമുണ്ടാകുന്ന നഷ്ടം സംരക്ഷണ ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെന്ന് ബോദ്ധ്യപ്പെട്ടാൽ നിഷ്ക്കർഷിച്ചിട്ടുള്ള അച്ചടക്ക നടപടി ക്രമങ്ങൾ പാലിച്ചു മാത്രമേ നഷ്ടം തിരിച്ചു പിടിക്കാറുള്ളൂ. ആയതിനാൽ ഈ നടപടിക്രമം പുനരാലോചനയ്ക്ക് വിധേയമാക്കുവാൻ ഉദ്ദേശിക്കുന്നില്ല. നഷ്ടം കണക്കാക്കുന്നത് നഷ്ടപ്പെട്ട വനവിഭവങ്ങൾക്ക് നിശ്ചയിച്ച വിലയുടെ അടിസ്ഥാനത്തിലാണ്.

(ഡി) ഉണ്ട്. വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിലവിൽ കാർട്ടേഴ്സ് സൗകര്യം നൽകി വരുന്നുണ്ട്. അതില്ലാത്തിടത്ത് ഘട്ടംഘട്ടമായി ഈ സൗകര്യം നൽകുവാനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. ആവശ്യമുള്ള ആയുധങ്ങളും, വയർലെസ് സംവിധാനങ്ങളും സംരക്ഷണ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. സംരക്ഷണ ഉദ്യോഗസ്ഥർക്ക് അരിപ്പയിലും വാളയാറിലുമുള്ള ഫോറസ്റ്റ് സ്കൂളുകളിൽ കാലാകാലങ്ങളിൽ ശാസ്ത്രീയ പരിശീലനങ്ങളും നൽകി വരുന്നുണ്ട്.

തോട്ടങ്ങൾക്ക് പാട്ടം പുതുക്കി നിശ്ചയിക്കൽ

108 [2978] ശ്രീ. കെ. കെ. ജയചന്ദ്രൻ:
„ വി. കെ. ചന്ദ്രൻ:
„ പി. ജയരാജൻ:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങൾക്കാണ് പാട്ടം വീണ്ടും പുതുക്കി നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പാട്ടം പുതുക്കി നൽകിയപ്പോൾ പാട്ടക്കരം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly